FAROOK COLLEGE 1948 - 1998

ഒരു കലാലയത്തിൻെറ അമ്പതു വർഷങ്ങൾ
ഒരു ദേശത്തിൻെറ ചരിത്രത്തിൽ സുവർണ്ണ
രേഖകൾ കൊണ്ട് ചിലതെല്ലാം
കോറിയിടുന്നു.
ഫാറൂഖ് ഒരു ദേശത്തിൻെറ,
പിന്നോക്കാവസ്ഥയിൽ കിടന്ന ഒരു വർഗ്ഗത്തിൻെറ
സ്വപ്നമായിരുന്നു.
ഫാറൂഖ് ബിരുദധാരികളെയുണ്ടാക്കുന്ന
ഒരു വെറും വിദ്യാഭ്യാസ സ്ഥാപനമായിരുന്നില്ല.
മലബാറിൻെറ മൊത്തം സാമൂഹിക
മാറ്റത്തിന് നിദാനമായ് വർത്തിച്ച പ്രേരക ശക്തിയായിരുന്നു.
പ്രചോദനക്രേന്ദ്രമായിരുന്നു.
ഫാറൂഖ് ഒരു സാസ്കാരിക കേന്ദ്രമാകുന്നത് മറ്റൊന്നുകൊണ്ടല്ല.

# ഫാറൂഖ്

# സുവർണ്ണരേഖ

*From a bald hill-top*
*to a full-fledged centre of learning and culture -*
*the genesis and growth of Farook College*
*has been nothing short of phenomenal*



ബി. എ. രണ്ടാം വർഷം, സോഷ്യോളജി

നജാത്തുല്ല സിദ്ദീഖി

ഓർമ്മ

# ഫാറൂഖ് കനവ് കാഴ്ച




നിനക്ക്,
പുറത്ത് മഴയുടെ നേർത്ത തേങ്ങൽ കേൾക്കാം
എപ്പോഴോ വൈദ്യുതി നിലച്ചിരിക്കുന്നു
ഹോസ്റ്റലിലെ പഴകിയ മുറിക്കകത്ത്
മങ്ങിയ മെഴുകുതിരി വെട്ടത്തിൽ
ഞാൻ നിന്നോട് സംസാരിക്കാനിരിക്കുന്നു
പെയ്തൊഴിയാത്ത മാനം പോലെ
മൂടിക്കെട്ടിയ എൻെറ മനസ്സ്
എന്തുകൊണ്ടോ ഞാനെൻെറ
കാമ്പസിനെക്കുറിച്ച് ചിന്തിച്ചു പോകുന്നു

എനിക്കിത് നഷ്ടപ്പെടും
ഒരിക്കൽ, ഈ കാറ്റാടിയും
കടലാസു പൂക്കളും എനിക്കന്യമാകും
അതുവരേക്കും.........

ഞാനറിയാതെ ഫാറൂഖ്
എന്നെ കീഴ്പ്പെടുത്തുകയാണ്
നിന്നെപ്പോലെ, ഇതും എനിക്ക് ലഹരിയാകുന്നു
സായാഹ്നത്തിലെ അലസഗമനങ്ങളിൽ,
കവിതക്ക് കാതോർത്തിരിക്കുന്ന പാതിരാവുകളിൽ
മൗനം അലോസരപ്പെടുത്തുന്ന വാരാന്തങ്ങളിൽ
പകലിലെ, ആൾക്കൂട്ടത്തിലോ
വർണ്ണമേളങ്ങളിലോ അല്ല
സായാന്തനത്തിലെ വിജനതയിലാണ്
കാമ്പസിൻെറ ആത്മാവുണരുന്നത്
പൂരം കഴിഞ്ഞൊരു പറമ്പുപോലെ
വാടകക്കാർ ഒഴിഞ്ഞൊരു വീടുപോലെ
സുഗന്ധ സ്മൃതികളിൽ മുഴുകിയ കാമ്പസ്

ഈ അടർന്ന കല്പടവുകളും
വാകയും അശോകവും
ഒരു പാട് കഥകൾ നമ്മോട് പറയും
ഫാറൂഖ് പറഞ്ഞ ആ കഥകളിലേക്ക്
ഞാൻ നിന്നെക്കൂടെ ക്ഷണിക്കുകയാണ്
●
രാജാഗേറ്റ്.........
ആകാംക്ഷയും അമ്പരപ്പുമായ്

എത്തിയ നിന്നെ എതിരേറ്റ കവാടം
ഒരു സമൂഹത്തിൻെറ മുഴുവൻ സംസ്കാരവും പേറിയ
ഗതകാല പ്രൗഢിയുടെ സ്മാരകം
കാമ്പസിലെ ഔപചാരികതക്കും
പുറത്തെ സ്വാതന്ത്ര്യത്തിനും ഒരു പോലെ
നിനക്ക് സാക്ഷി.

പണ്ടിവിടെ രാജാഗേറ്റിന്
ഇടതും വലതുമായി ആൺകുട്ടിയും
പെൺകുട്ടിയും ബസ്സ് കാത്തു നിന്നു
അവർക്കിടയിലെ ശൂന്യതയിൽ
പ്രണയവും സൗഹൃദവും മതിഭ്രമങ്ങളും പൂത്തു
അവരുടെ മൗനവും ആകുലതകളും
രാജാഗേറ്റിന് നേരമ്പോക്കായി,
പിന്നെപ്പിന്നെ ബസ്സുകൾ
ഇവിടെ കിടക്കാതായി,
കിളികളും കൂടൊഴിഞ്ഞു
രാജാഗേറ്റ് തനിച്ചായി........

•


ആസാദ്........
ഫാറൂഖിൻെറ ജയാപചയങ്ങൾ കാണാൻ
അതിനേക്കാൾ മുമ്പേ ഇരുമുളിപ്പറമ്പിലെത്തിയ
ഹോസ്റ്റൽ മുത്തശ്ശൻ
ആലീസിൻെറ അത്ഭുത ലോകമെന്ന്
വിശേഷിപ്പിക്കപ്പെട്ട വാസ്തുശില്പം
കവിയും കാമുകനും കൊതിക്കുന്ന ഇടം

ആസാദിൻെറ ദിനങ്ങൾ
എക്കാലവും കർമ്മനിരതമായിരുന്നു
ബൗദ്ധിക ചർച്ചകളും നേരമ്പോക്കുകളും
കൊണ്ട് മുഖരിതം
ഇവിടെ ഓരോ മുറിയും ഒരു പ്രതിഭയുടെയെങ്കിലും
പൂർവ്വ കഥകൾ നമ്മോട് പറയും
മുമ്പാണ്
കുഞ്ഞാലിയെന്നൊരു പയ്യൻ ആസാദിൽ നിന്നും
മീൻ വാങ്ങാൻ ചാലിയാറിൽ പോയി
മീൻവള്ളങ്ങളെ കൂവി വിളിക്കുന്നതിനിടെ
കാൽ വഴുതി വീണു, കയ്യൊടിഞ്ഞു.
ഇലക്ഷൻ സമയം
ഒടിഞ്ഞ കയ്യും പൊതിഞ്ഞു കെട്ടി
അവൻ കുട്ടികൾക്കിടയിൽ കരഞ്ഞു നടന്നു
അങ്ങനെ അവരുടെ സഹതാപം കൊണ്ട്
ഫാറൂഖിലെ ആദ്യത്തെ ഫൈൻ ആർട്സ്
സെക്രട്ടറിയായി,
പിന്നെ, വളർന്ന് വളർന്ന് സിനിമാനടൻ ബഹദൂറായി
ആസാദിന് ഒരു മകനെക്കുറിച്ചു കൂടി അഭിമാനമായി

•

ചരിത്രം ഇങ്ങനെയാണ്
പണ്ട് പണ്ട്
വളരെക്കാലം മുമ്പ്
കർണ്ണാടകത്തിലെവിടെയോ ഒരു കൊടുങ്കാട്ടിൽ
ഒരു സിദ്ധൻ വന്നുകൂടി
വാർത്ത വളരെവേഗം പ്രചരിച്ചു
സിദ്ധനാകട്ടെ ആരേയും കാണാൻ കൂട്ടാക്കിയുമില്ല
എങ്കിലും, വിധിനിയോഗം കൊണ്ടാവാം
അദ്ദേഹം തന്നെ കാണാനെത്തിയ
കുഞ്ഞാലിക്കുട്ടി ഹാജിയുമൊത്ത്
മഞ്ചേരിക്കടുത്ത ആനക്കയത്തെത്തി
അവിടെ കുട്ടികൾക്ക് മതബോധനം
നല്കി ജീവിച്ചു. അങ്ങനെ, മൗലവി സാഹിബായി
പക്ഷേ, അദ്ദേഹം തൃപ്തനായിരുന്നില്ല
നിറഞ്ഞ അശാന്തി അദ്ദേഹത്തെ കീഴടക്കി
ആ സ്വപ്നങ്ങൾ വിശാലമായിരുന്നു
അവയുടെ സാക്ഷാൽക്കാരത്തിനായി
ഈശ്വരനോട് കരഞ്ഞും പ്രാർത്ഥിച്ചും
ഇരവുകൾ പകലുകളായി
ഒടുവിൽ ദൈവം കനിയുക തന്നെ ചെയ്തു.
അദ്ദേഹത്തിൻെറ സ്വപ്നങ്ങൾക്ക്
കുറെ സമുദായ സ്നേഹികൾ
നിറം കൊടുത്തു
ഫാറൂഖാബാദിലെ ഇരുമൂളിപ്പറമ്പിൽ
ഒരു സമുദായം ആദ്യമായി വിജ്ഞാനത്തിൻെറ തൈ
നട്ടു.
പിന്നീട് ശതശാഖികളായി പടർന്നു പന്തലിച്ച
ഒരു വടവൃക്ഷത്തിൻെറ കുഞ്ഞുതൈ
ഇതാണ് അബുസബാഹ് മൗലവിയുടെ കഥ
ഫാറൂഖ് കോളേജിൻെറയും.

•



ഫാറൂഖ് നിനക്കും
ലഹരിയാകുന്നു അല്ലേ...
ഈ ദലമർമ്മരങ്ങൾ പ്രണയത്തിലേക്ക്
തുറക്കുന്ന കിളി വാതിലുകളാകുന്നു
പച്ചച്ച പാതയോരങ്ങൾ
പ്രകൃതിയുടെ ഹൃദയത്തിലേക്ക്
നമ്മെ കൊണ്ടു പോകുന്നു
കാമ്പസ് പ്രലോഭനമാകുന്നു,
ജീവിതത്തിൻെറ നശ്വരതയെക്കുറിച്ചോർമ്മിപ്പിക്കാത്ത
പ്രലോഭനം.

പക്ഷേ, നീ കരുതുന്നുണ്ടോ
ഇത് എക്കാലവും ഇങ്ങനെത്തന്നെയായിരുന്നെന്ന്..........?
കാറ്റാടിയും കടലാസുപൂക്കളും
നിറഞ്ഞതായിരുന്നെന്ന്.......?
ആ കഥകൾ ജലീൽസാർ നമ്മോട് പറയും:
"ഈ കുന്നിൻ പുറം പച്ചപിടിപ്പിക്കാനാണ്
ഏറെ കഷ്ടപ്പെട്ടത്. കുറെ കുറ്റിക്കാടുകളും
പാഴ്മരങ്ങളും മാത്രമായിരുന്നു ഇവിടം.
പൂച്ചെടികളോ ഫലവൃക്ഷങ്ങളോ
ഇവിടെ വേരോടിയില്ല
നിരവധി ഗ്രന്ഥങ്ങൾ വരുത്തി വായിച്ചും
പരീക്ഷണങ്ങൾ നടത്തിയുമാണ്
ഈ രൂപം ഇതിന് നല്കിയത്"
ഈ പ്രകൃതി പോലും മനുഷ്യൻെറ
ഇടപെടലുകൾ കൊണ്ടാണെന്നറിയുമ്പോൾ
ഫാറൂഖ് ഓർമ്മപ്പെടുത്തുക
കുറെ ആത്മാക്കളുടെ അടങ്ങാത്ത ആവേശവും
തളരാത്ത പ്രയത്നവും തന്നെയാണ്.

ഇനി ഞാൻ
അതിരുകളെക്കുറിച്ച് സംസാരിക്കട്ടെ
അല്ലെങ്കിൽ അയൽക്കാരെക്കുറിച്ച്
സ്ഥലപരമായി ഫാറൂഖിനൊരു പ്രസക്തിയുണ്ട്
രണ്ടു ജില്ലകളുടെ അതിർത്തിയാണിത്.
കോഴിക്കോടിൻെറ ഔദാര്യവും
മലപ്പുറത്തിൻെറ ത്യാഗസന്നദ്ധതയും
കൂടിച്ചേർന്നാൽ തൻെറ സ്വപ്നം യാഥാർത്ഥ്യമാകുമെന്ന്
അബുസബാഹ് വിശ്വസിച്ചു
മതബോധനവും ആധുനിക വിദ്യാഭ്യാസവും നല്കുന്ന
തൻെറ കലാലയത്തിന് ഇവിടം തെരെഞ്ഞെടുത്തു
മൗലവി കരുതിയതെത്ര ശരി!
ഈ പ്രദേശങ്ങളാണല്ലോ
വാത്സല്യവും പ്രോത്സാഹനവും കൊടുത്ത്
ഇത്രകാലവും ഈ മകനെ പോറ്റി വളർത്തിയത്!

തൻെറ വളർച്ചക്കൊപ്പം
ഒരു പ്രദേശവും തനതായൊരു സംസ്കാരവും കൂടി
ഫാറൂഖ് വളർത്തിയെടുത്തു
റയിൽവേസ്റ്റേഷനും ചാലിയാറും പോലെ



ചില ഭൂമി ശാസ്ത്രപരമായ സാധ്യതകൾക്കപ്പുറം
ഒന്നുമായിരുന്നില്ല ഫാറൂഖ്
ഇവിടെ ഇന്നീ കാണുന്ന ജനസഞ്ചയവും
ഗ്രാമസ്വഭാവവും ഫാറൂഖ് കോളേജിൻെറ
സംഭാവനയാണെന്ന് പറയുക

ചാലിയാർ..........
അവളൊരു പുഴയാണ്
ഫാറൂഖിൻെറ അയൽക്കാരി
പൊട്ടിച്ചിരിച്ചൊഴുകുന്ന കുസൃതി
ഓരോ കാലവും അവൾക്ക്
ഓരോ ഭാവമാണ്
ചിലപ്പോൾ കരഞ്ഞു കലങ്ങി
ചിലപ്പോൾ കല പില ചിലക്കുന്ന ഒരു വായാടി
ആകാശവും പ്രതിഫലിപ്പിക്കുന്ന
നൈർമ്മല്യമാകും ഒരിക്കൽ
ഗൃഹാതുരത്വത്തിൽ മുഴുകിയ
പ്രവാസിയെപ്പോലെ മറ്റൊരിക്കൽ

ഓരോ പുഴയും ഓരോ ഇതിഹാസമെന്ന്
പറഞ്ഞതാരാണ്?
എങ്കിൽ ഇതിഹാസത്തിലെ ഒരു
ഉപകഥയാവണം ഫാറൂഖ്
ഫാറൂഖിൻെറ ചരിത്രം
ഓരോ ഏടുകളിലും ചാലിയാറിനെ സ്മരിക്കും
ഇന്നുമിവിടെ പഴയൊരു ബോട്ടുജെട്ടി കാണാം
വിദ്യ തേടി അക്കരെകളിൽ നിന്നെത്തിയവർക്ക്
സ്വന്തം നെഞ്ചിലൂടെ അവൾ പാത തീർത്തു
മോശക്ക് വഴിപിളർന്ന സമുദ്രം അവളുടെ ഉപമ
ഫാറൂഖിൻെറ വിജയം അവളുടെ പ്രാർത്ഥന

ഇനിയും പറയാൻ
കഥകളേറെ
ഇരച്ചും മൂളിയും ഇങ്ങോട്ടു ആദ്യം
കയറി വന്ന ബസ്സിനെക്കുറിച്ച്,
ഓഡിറ്റോറിയത്തിന് വേണ്ടി
ബുൾഡോസറുകൊണ്ട് പിഴുതുമാറ്റിയ
പാലകൾക്കും മണ്ണടരുകൾക്കുമടിയിൽ
ഏതോ പൂർവ്വ സംസ്കൃതിയുടെ ഭാഗമായവശേഷിച്ച
അസ്ഥി പഞ്ജരങ്ങളെക്കുറിച്ച്,
പണ്ട്, പാതിരാവുകളിൽ ഇടവഴികളിൽ
വെളിച്ചം പകർന്ന ചൂട്ടുകറ്റകളെക്കുറിച്ച്
മൂന്നിലത്തു നിന്നും കോളേജിലേക്ക്
ഉച്ചഭക്ഷണത്തിനുള്ള സാമഗ്രികളുമായി
ദിനം തോറും കൈവണ്ടി തള്ളിയ
ഗുരു ശിഷ്യന്മാരെക്കുറിച്ച്,
ഒരിക്കൽ കാമ്പസിനെ മാത്രമല്ല
നാടിനെ മുഴുവൻ ഗ്രസിച്ച അരി ക്ഷാമത്തെക്കുറിച്ച്,
സ്ഥാപനത്തെ സഹായിക്കുന്നതിൽ
ലഹരി കണ്ടെത്തിയ സമുദായ സ്നേഹികളെക്കുറിച്ച്,
പ്രിൻസിപ്പൽ ഷാ സാഹിബിനെക്കുറിച്ച്,
ആദ്യ വിദ്യാർത്ഥിയായ ലത്തീഫിനെക്കുറിച്ച്
ആസാദിലെ സപ്തർഷികളെക്കുറിച്ച്.........
ഒക്കെയും.........ഒക്കെയും പറയണം.
ഇനിയൊരിക്കലാവട്ടെ.

•

പ്രിയപ്പെട്ടവനേ........
പടിഞ്ഞാറേക്ക് നോക്കുക
ആ മിനാരങ്ങൾക്ക് താഴെ
ബോഗൻ വില്ലപ്പടർപ്പുകൾക്ക് ചാരെ
ഞാൻ നിന്നെ കൊണ്ടു പോകാം
അവിടെയൊരാൾ ഉറങ്ങിക്കിടപ്പുണ്ട്
എൻെറയും നിൻേറയും ആചാര്യൻ
അല്ല, നമ്മുടെയൊക്കെ പിതാവ്.....
മൗലവി അബുസബാഹ്
അദ്ദേഹം നമുക്ക് തന്നത്
സ്വന്തം ജീവിതമാണ്
അല്ലെങ്കിൽ,
നമ്മുടെയൊക്കെ ജീവിതം കൂടിയാണ്
ആ കിനാവുകളിൽ നിറഞ്ഞിരുന്നത്
ഒരു സ്ഥാപനത്തിൻേറയും സമുദായത്തിൻേറയും
യശസ്സാണ്
അതായിരുന്നു നാം കാണേണ്ട കിനാവും.
പക്ഷേ...........

•



നിൻെറ മിഴികൾ
നിറഞ്ഞു തുടങ്ങിയിരിക്കുന്നു
ഈ അനിവാര്യതയിലേക്കാണ്
ഞാൻ നിന്നെ ക്ഷണിച്ചത്.
ഈ കഥകളൊന്നുമറിയാതെ
നീയിങ്ങോട്ട് വരരുത്.
സ്വന്തം പിതാക്കളെ സ്മരിക്കാതെ
നീയീ മണ്ണിലൂടെ നടക്കരുത്.
ഈ മഹാ പ്രയത്നത്തിൻെറ കഥകൾ
നിൻെറ ഗർവ്വം ശമിപ്പിക്കും.
നീ വിനീതനായേക്കും.

വയ്യ, ഞാൻ പരാജിതനാവുന്നു.
പറയാത്ത കഥകളാണ് എൻെറ ഉള്ളം നിറയെ
ഇനിയൊരു ആയിരത്തൊന്നു രാവുകൂടെ
എനിക്ക് തന്നാലും
ഷഹറസാദിനെപ്പോലെ ഞാൻ
കഥകൾ പറഞ്ഞുകൊണ്ടിരിക്കും.
ഫാറൂഖിൻെറ കഥകൾ.
സ്നേഹത്തോടെ
നിൻെറ സുഹൃത്ത്.

■

# ഫാറൂഖ് സ്മൃതി സ്പന്ദനം



വിജ്ഞാനത്തിന്റെ പൂന്തോട്ടം രാജാഗേറ്റ്

അജ്ഞതയും അന്ധകാരവും ഒരു ജനതക്കു മുന്നിൽ അരാജകത്വം സൃഷ്ടിച്ചുകൊണ്ടിരുന്ന സന്ദർഭത്തിൽ ഏതാനും മനുഷ്യസ്നേഹികൾ രൂപപ്പെടുത്തിയെടുത്ത മഹാപ്രസ്ഥാനമാണ് ഫാറൂഖ് കോളേജ്. കേരളത്തിലെ വിദ്യാഭ്യാസ മണ്ഡലത്തിൽ ഒരു പുതുവെളിച്ചമായി കടന്നുവന്ന മലബാറിന്റെ അലിഗഢിന് അഞ്ചു ദശവത്സരങ്ങൾ കഴിഞ്ഞിരിക്കുന്നു.

ചരിത്രത്തിലൂടെ ഒഴുകിയിറങ്ങുന്ന ഓർമകളുടെ പ്രവാഹത്തിൽ നമ്മുടെ കലാലയത്തിന്റെ ഭൂതകാലം നിറയുന്നു. ഇവിടെ നിനവുകളുടെ ചെമ്പു കുടത്തിലെ അറിവുകളുടെ അനുഭവങ്ങളുടെ മുത്തുകൾ നമുക്കായ് നിരത്തിവെക്കുന്നവരിൽ ഫാറൂഖാബാദിലെ ആദ്യകാല ഗുരുനാഥരെ കാണാം. പാത്രമറിഞ്ഞു ഭിക്ഷ നൽകിയ അവരിൽ നിന്നു വിദ്യ കൈയ്യേറ്റു വാങ്ങിയ ശിഷ്യരെ കാണാം. അവർ വാചാലരാകുന്നു. കല്ലും മണ്ണും ചുമന്ന് കെട്ടിപടുത്തിയ സരസ്വതിക്ഷേത്രത്തെ പറ്റി.. ഗുരുവും ശിഷ്യനും തമാശ പറഞ്ഞു പൊട്ടിച്ചിരിച്ച സ്നേഹസായാഹ്നങ്ങളെ പറ്റി.. പിറവിയുടെ ആദ്യകാല പ്രാരാബ്ദങ്ങളിൽ സൽക്കരിച്ചു സ്നേഹിച്ചവരെ പറ്റി...

അൻപതുവർഷം പിന്നോട്ടുനടക്കവേ യാത്ര ഒടുങ്ങിത്തീരുന്നത് മൂന്നിലകം വീട്ടിന്റെ വരാന്തയിലാണ്. നാല്പത്തിയെട്ടിലെ ഒരു ദിനം. ആഗസ്ത് പന്ത്രണ്ട്. അന്ന് മുപ്പത്തിരണ്ട് വിദ്യാർത്ഥികളും അഞ്ച് അധ്യാപകരുമായി ഒരു കൊച്ചു കലാലയം ജന്മംകൊണ്ടു. കെ. ഇസ്മായിൽ സാഹിബിന്റെ മൂന്നിലകംവീട്ടിലന്നു പിറന്നുവീണ കുഞ്ഞ് വളർന്നുവളർന്നു അതികായനായിരിക്കുന്നു. അന്നത്തെ അഞ്ചുപേരിലൊരാളായ ആദ്യകാല അധ്യാപകൻ പ്രൊഫ. വി. മുഹമ്മദ് ഗൃഹാതുരതയോടെ അക്കഥ പറയുകയായി.

"മൂന്നിലകം വീട്ടിലന്ന് കോളേജിനാവശ്യമായ ഫർണിച്ചറുകളോ മറ്റു സൗകര്യങ്ങളോ ഉണ്ടായിരുന്നില്ല. നിലത്തുവിരിച്ച പായയിലിരിക്കുന്ന വിദ്യാർത്ഥികൾക്ക് അധ്യാപകർ നിന്നുകൊണ്ട് ക്ലാസ്സെടുക്കും. ഇംഗ്ലീഷെടുക്കാൻ ജലീൽ സാഹിബ്, മലയാളത്തിന് കുര്യാക്കോസ് പിന്നെ അറബിക്കിന് ഞാനും. വിദ്യാർത്ഥികൾ പഠനകാര്യത്തിൽ അതീവ ശ്രദ്ധാലുക്കളായിരുന്നു. പിന്നീട് കോളേജ് ട്രഷററായിരുന്ന ഇസ്മായിൽ സാഹിബ് പേട്ടയിൽ ഒരു കെട്ടിടമുണ്ടാക്കി വിദ്യാർത്ഥികൾക്ക് താമസസൗകര്യമൊരുക്കി. പ്രിൻസിപ്പലും അധ്യാപകരും വിദ്യാർത്ഥികളും തമ്മിൽ ഹൃദ്യമായ ബന്ധമാണ് നിലനിന്നിരുന്നത്. പഠനത്തോടൊപ്പം കോളേജ് കെട്ടിട നിർമ്മാണത്തിന് കല്ലും മറ്റും ചുമക്കാനും വിദ്യാർത്ഥികൾ സമയം കണ്ടെത്തിയിരുന്നു. ക്ലാസു കഴിഞ്ഞ് വൈകുന്നേരങ്ങളിൽ അധ്യാപകരും വിദ്യാർത്ഥികളും ഒന്നിച്ചിരുന്ന് തമാശ പറയുക പതിവായിരുന്നു. ഫറോക്കിലെ മിക്ക വീടുകളിലേക്കും ഞങ്ങളെ ഭക്ഷണത്തിന് ക്ഷണിക്കാറുണ്ടായിരുന്നു. കുറ്റിക്കാട്ടിൽ മാധവമേനോന്റെ വീട്ടിൽ നിന്നും ലഭിച്ച വെജിറ്റേറിയൻ സദ്യയുടെ സ്വാദ് ഇന്നും നാത്തുമ്പത്തുണ്ട്."


1948 സെപ്തംബർ പതിനഞ്ചിന് ഫാറൂഖിന്റെ പ്രഥമ പ്രിൻസിപ്പലായ് മുഹ്‌യുദ്ദീൻ ഷാ ചാർജെടുത്തു. ഇൻറർ മീഡിയറ്റിന് ഇരുപത്തെട്ടും, ബി.എ. യ്ക്ക് നാലും വിദ്യാർത്ഥികൾ, ഏഴ് അധ്യാപകർ ഇതായിരുന്നു അന്ന് കലാലയത്തിലെ ജനസംഖ്യ. മുഹ്‌യുദ്ദീൻഷാ സ്വന്തം ചെലവിൽ രണ്ടായിരത്തോളം പുസ്തകങ്ങൾ കൊണ്ടു വന്ന് ഫാറൂഖ് കോളേജ് ലൈബ്രറിക്ക് അസ്ഥിവാരം തീർത്തു.

നാല്പത്തിയൊമ്പതിൽ ആരംഭിച്ച

ആസാദ് ഹോസ്റ്റലിൻെറ ആദ്യനാളുകൾ പ്രാരാബ്ദപൂർണ്ണമായിരുന്നു. ആഴ്ചയിലൊരിക്കൽ ഉള്ളേരിയിൽ പോയി അരി കൊണ്ടു വരാറായിരുന്നത്രേ പതിവ്.

പിന്നീട് കലാലയം അതിൻെറ ആസ്ഥാനം ഇരുമൂളിപറമ്പിലേക്ക്

സ്വപ്നസഫലീകരണത്തിൻെറ തുടക്കം : മൂന്നിലകം വീട്



മാറ്റി സ്ഥാപിച്ചു. അക്കാലത്തെക്കുറിച്ച് ഫാറൂഖ് കോളേജിൽ ദീർഘകാലം പ്രിൻസിപ്പലായിരുന്നു പ്രൊഫ. കെ. എ. ജലീലിൽ :

"അന്നത്തെ കാലത്ത് ഒരു ഒന്നാം ഗ്രേഡ് കോളേജ് നടത്തുന്നതിന് പതിനഞ്ച് ലക്ഷം രൂപയെങ്കിലും മൂലധനം വേണം. ഫാറൂഖ് കോളേജാകട്ടെ ശുഭാപ്തി വിശ്വാസം മാത്രം മൂലധനമാക്കിയാണ് സ്ഥാപിച്ചത്."

ഒത്തിരിപേരുടെ ആശയും ആത്മാർത്ഥതയും ആവശ്യവും മുതൽ മുടക്കാക്കി തുടങ്ങിയ ആ കലാലയത്തിന് ഉദാരമായ് സംഭാവന ചെയ്യാൻ ഖാ ഇദെമില്ലത്ത് മുഹമ്മദ് ഇസ്മാഈൽ സാഹിബും സീതിസാഹിബും ആവശ്യപ്പെട്ടതോടെ സഹായങ്ങൾ ഒഴുകിയെത്തി.

മൗലാനാ അബുസബാഹിൻെറ ദീർഘദൃഷ്ടിയും നിശ്ചയ ദാർഢ്യവും കോളേജിൻെറ തുടർന്നുള്ള പ്രയാണത്തെ ശക്തമായ് സ്വാധീനിക്കുകയുണ്ടായി.

ഫാറൂഖിനെ ഇന്നത്തെ നിലയിലെ ഒരു കലാലയമാക്കി മാറ്റിയതിൽ പ്രധാന പങ്ക് സീതിസാഹിബിൻെറതായിരുന്നു. അതേപറ്റി സാവാൻ കുട്ടി സാഹിബ് പറയുന്നു. "സീതിസാഹിബിൻെറ ഉറച്ചതീരുമാനവും പരിശ്രമവുമാണ് ഫാറൂഖ് കോളേജിനെ ഒന്നാം ഗ്രേഡ് കോളേജാക്കി ഉയർത്തുന്നതിന് വേഗത കൂട്ടിയത്. ശാസ്ത്രവിഷയങ്ങൾ ഏർപ്പെടുത്തുന്നതിലും, അറബി, ഉറുദു, ഇസ്ലാമിക ചരിത്രം തുടങ്ങിയ ഡിപ്പാർട്ടുമെൻറുകൾ സ്ഥാപിക്കുന്നതിലും സീതിസാഹിബ് ശ്രദ്ധ വെച്ചിരുന്നു."

ഒരു ട്രെയിനിംഗ് കോളേജ് ആരംഭിക്കുന്നതിനു വേണ്ടി അതിയായ് ആഗ്രഹിച്ച സീതി സാഹിബിൻെറ സ്മരണികയായ് ഫാറൂഖ് ട്രെയിനിംഗ് കോളേജ് തല യെടുത്തു നിൽക്കുന്നു.

ഫാറൂഖാബാദിൻെറ വിജയഗാഥ തുടങ്ങിയിട്ടേയുണ്ടായിരുന്നുള്ളൂ.


52-56 കാലഘട്ടത്തിൽ ഫാറൂഖിലെ വിദ്യാർത്ഥിയായിരുന്ന മുൻമന്ത്രി എം.പി. ഗംഗാധരൻ അക്കാലത്തിൻെറ കഥ പറയുന്നു. "ഓടു മേഞ്ഞ ഒറ്റനില ക്കെട്ടിടമായിരുന്നു അന്ന്. ആൺകുട്ടികൾ മാത്രമാണ് വിദ്യാർത്ഥികളായുണ്ടായിരുന്നത്. അന്നത്തെ പ്രിൻസിപ്പലായിരുന്ന ഷാ സാഹിബ് വിദ്യാർത്ഥികൾക്കു പ്രിയങ്കരനായിരുന്നു. അതുകൊണ്ടുതന്നെ അദ്ദേഹത്തെ തൽസ്ഥാനത്തു നിന്നും മാനേജ്മെൻറ് മാറ്റിയപ്പോൾ പ്രതികരിക്കാൻ വിദ്യാർത്ഥികൾ ഒറ്റക്കെട്ടായിരുന്നു. നാലുദിവസം നീണ്ടുനിന്ന സമരത്തിന് നേതൃത്വം നൽകിയത് സ്പീക്കറായിരുന്ന ഗോപിയാണ്. പിൽക്കാലത്ത് മന്ത്രിയായ വേളയിൽ കോളേജിലെ ജലദൗർലഭ്യം പ്രിൻസിപ്പൽ എന്നെ അറിയിച്ച ഉടനെ കുഴൽക്കിണർ കുഴിക്കുന്നതിന് ഏർപ്പാടുണ്ടാക്കി. ഇന്നും ഫാറൂഖ് കോളേജ് എന്നു കേൾക്കുമ്പോൾ വല്ലാത്തൊരു അനുഭവമാണ്."


അമ്പതുകളിൽ ഫാറൂഖ് കോളേജിലെ വിദ്യാർത്ഥിയായിരുന്ന ഇന്നത്തെ ചീഫ് വിപ്പ് ടി.കെ. ഹംസ ഓർമ്മയുടെ ആൽബം തുറന്ന് ചാരിതാർത്ഥനാവുന്നു. "ഫാറൂഖ് കോളേജിൻെറ പ്രകൃതി പശ്ചാത്തലം എന്നെ വല്ലാതെ ആകർഷിച്ചിരുന്നു. പട്ടണത്തിൻെറ തിരക്കിൽ നിന്നകന്ന് ഗ്രാമ പശ്ചാത്തത്തിലെ കലാലയം. അധ്യാപക വിദ്യാർത്ഥി ബന്ധങ്ങൾ മാതൃകാപരമായിരുന്നു. വിശാലമായ സൗഹൃദം വിദ്യാർത്ഥികൾക്കിടയിലുണ്ടായിരുന്നു. എന്നിലെ വ്യക്തിത്വം രൂപപ്പെടുത്തിയത് ഇവിടെ പഠിച്ചിരുന്ന കാലമാണ്. അതെന്നെ നല്ല സംഘാടകനും പ്രാസംഗികനുമാക്കാൻ സഹായിച്ചു."

എഴുപതുകളുടെ മധ്യകാലത്ത് കലാലയത്തിലെ വിദ്യാർത്ഥിയും ഇപ്പോൾ ചന്ദ്രികയുടെ എഡിറ്ററുമായ ഉമർപാണ്ടികശാലയുടെ മനസ്സിൽ ഫാറൂഖ് ഒരു പൂന്തോട്ടമാണ്.

"എട്ടാം ക്ലാസ്സ് മുതൽ ഫാറൂഖാബാദിലായിരുന്നു പഠനം. അതുകൊണ്ട് തന്നെ ഫാറൂഖിലെ അന്നത്തെ പ്രിൻസിപ്പൽ ജലീൽ സാറിൻെറ വീ

വളർച്ചയുടെ ആദ്യ പടവുകൾ : ഫാറൂഖ് : 1950





വളർച്ചയിലൊരു
നാഴികക്കല്ല് :
അഡ്മിനിസ്ട്രേറ്റീവ്
ബ്ലോക്ക്.

രഗാഥകൾ ഞങ്ങൾ സ്കൂൾ കുട്ടികളുടെ പേടിസ്വപ്നങ്ങളായിരുന്നു. പ്രീഡിഗ്രിക്ക് ചേർന്നപ്പോഴാണ് അദ്ദേഹത്തെ കണ്ടത്. അന്ന് നവാഗതരെ അഭിസംബോധന ചെയ്ത് അദ്ദേഹം പറഞ്ഞു. "നിങ്ങൾ കോളേജ് വിദ്യാർത്ഥികളല്ല. കോളേജ് വരാന്താ വിദ്യാർത്ഥികൾ മാത്രമാണ്.'' ഫാറൂഖ് അതൊരു ലഹരിയായിരുന്നു. അടുക്കാനും അറിയാനും സ്നേഹിക്കാനും സഹായിക്കാനും മനസ്സുപാകപ്പെടുത്തിതന്ന മഹത്തായ കലാലയം. പടിയറങ്ങി പോന്നിട്ട് കാൽ നൂറ്റാണ്ട് കഴിഞ്ഞിട്ടും ഫാറൂഖിയൻ എന്ന വികാരം എത്ര മധുരം!"

ഫാറൂഖ് കോളേജിൽ ദീർഘകാലം അദ്ധ്യാപകനായിരുന്ന ടി. അബ്ദുല്ലസാഹിബ് കഴിഞ്ഞ കാലത്തെക്കുറിച്ച് ഓർക്കുന്നു:

"1951 മുതലാണ് ഫാറൂഖ് കോളേജുമായുള്ള ബന്ധം തുടങ്ങുന്നത്. അന്ന് കോളേജ് ഒരു വലിയ കൂട്ടുകുടുംബം പോലെയായിരുന്നു. പ്രിൻസിപ്പാൾ കാരണവരും, അധ്യാപകർ മുതിർന്ന അംഗങ്ങളും.


അധ്യാപകരും വിദ്യാർത്ഥികളും ഒരുപോലെ വിശാലമനസ്കരായിരുന്നു. ആഴമുള്ള പരസ്പര ബന്ധങ്ങൾ വലിയൊരു പ്രത്യേകത തന്നെയായിരുന്നു. ഏതാണ്ട് എല്ലാ കാര്യവും അധ്യാപകനും വിദ്യാർത്ഥിയും പങ്കുവെക്കും. മറ്റു കോളേജുകളിലെ സമരദിനങ്ങളിൽ വിദ്യാർത്ഥിനേതാക്കൾ ഞങ്ങളും സമരം ചെയ്യട്ടെയെന്ന് വന്നന്വേഷിക്കാറുള്ളത്, ഇന്ന് തമാശയായി തോന്നാം. പക്ഷേ അത്രത്തോളമായിരുന്നു ബന്ധം. ക്ലാസ്സ് ലക്ചറിങ്ങിനെ പറ്റിയൊക്കെ വിദ്യാർത്ഥികൾ മനസുതുറന്ന് അഭിപ്രായം പറയും.''


ഫാറൂഖ് ഒരു മഹാപ്രസ്ഥാനമായി വളരുകയായിരുന്നു. ആരിലും അസൂയക്ക് വിത്തു പാകും വണ്ണം ആ വളർച്ച അത്ഭുതകരമായിരുന്നു. "അലാവുദ്ദീൻെറ അത്ഭുതവിളക്കുണ്ടോ നിങ്ങളുടെ കയ്യിൽ?" യൂണിവേഴ്സിറ്റി കമ്മീഷനായ് നിയമിതനായ രാമസ്വാമി അയ്യർ ഒരിക്കൽ ചോദിക്കുകയുണ്ടായി. ആ വളർച്ചയെ പറ്റി സീതിസാഹിബ് ഇപ്രകാരമെഴുതി.

"കോളേജിൻെറ ചരിത്രത്തിലേക്ക് തിരിഞ്ഞു നോക്കുമ്പോൾ അതു നിലവിൽ വന്നതിൻെറയും ഹ്രസ്വമായകാലയളവിനുള്ളിൽ ഈ നിലയിലെത്തിയതിൻെറയും നാടകീയ വേഗത കാണുമ്പോൾ ഇതിന് നമുക്ക് കഴിവേ കിയ കരുണാനിധിയായ ദൈവത്തോടുള്ള അതിരറ്റ കൃതജ്ഞത കൊണ്ട് എൻെറ ഹൃദയം നിറഞ്ഞു കവിയുന്നു."

ഇന്ന്, ഞാൻ ഫാറൂഖിയനാണ് എന്ന് അഭിമാനപൂർവ്വം അവകാശപ്പെടാൻ ലോകത്തിൻെറ ഏതു കോണിലും ആളുണ്ട്. ഫാറൂഖിൽ പഠിക്കാൻ കഴിഞ്ഞത് ഒരു സുകൃതമായ് കരുതുന്ന പ്രശസ്ത കഥാകൃത്ത് അക്ബർ കക്കട്ടിൽ യുവത്വത്തിൻെറ ആ മധുരസ്മരണകളിലേക്ക് മനസ്സു പായിച്ച് മെല്ലെ പറയുന്നു:

"കാൽനൂറ്റാണ്ടിനുമുൻപ്, അത്രയൊന്നും വിദ്യാഭ്യാസമില്ലാത്ത ഒരു കുടുംബത്തിൽ നിന്നും ഒരു പിതാവും മകനും ഫാറൂഖിലെത്തുന്നു. എ. എൽ.എം. ഹോസ്റ്റലിലെ എട്ടാം നമ്പർ മുറിയാണ് താമസിക്കാൻ കിട്ടിയത്. റൂമിലെത്തിയപ്പോൾ ഭീമാകാരനായ ഒരാളും ചിലരുമിരുന്ന് സൊറയ്ക്കുകയാണ്. ഭീമാകാരൻ ഏതോ





പുതിയ മുഖങ്ങൾ
സയൻസ് ബ്ലോക്ക്,
ന്യൂ ബ്ലോക്ക്

കുട്ടിയുടെ രക്ഷിതാവാണെന്നൂഹിച്ചു. പക്ഷേ, പരിചയപ്പെട്ടപ്പോൾ ബേജാറായിപ്പോയി-റൂം മേറ്റാണ്! നൂലുപോലുള്ള എനിക്കുള്ള കൂട്ട്! ആൾ എം. ഐ. ഷാനവാസ്! പിൽക്കാലത്തെ കെ.പി. സി.സി. സെക്രട്ടറി! രൂപം ഉണ്ടാക്കിയ ഇംപ്രഷൻ ആളുമായ് അടുത്തപ്പോൾ

ഉണ്ടായത്. "എന്താണ് കൊച്ചു തുമ്പി മിണ്ടാതിരിക്കുന്നത്"? എന്ന് ഏതു നേരവും മൂളുന്ന ഇയാൾക്ക് തുമ്പിയുടെ പ്രസരിപ്പ്, മനസ്സുനിറയെ സ്നേഹം. ഞങ്ങൾക്ക് കൂട്ടായി മൂന്നുപേർ. പിന്നെയുമെത്തി അബ്ദുള്ള, ഷരീഫ്, സെയ്താലി. ഫാറൂഖ് കോളേജിൽ പി.ഡി.സിയുടെ ആദ്യവർഷത്തിൻെറ പകുതി മാത്രമാണ് ഞാൻ പഠിച്ചത്. പിന്നീട് മടപ്പള്ളി ഗവ. കോളേജിലേക്ക് പോന്നു. ഇന്നാലോചിക്കുമ്പോൾ ചിരി വരുന്നു. ഗൃഹാതുരത്വമായിരുന്നു കാരണം. ഹ്രസ്വമെങ്കിലും സംഭവബഹുലമായിരുന്നു എൻെറ ഫാറൂഖ് കാലം. ഒരു കഥയെഴുതിയതിൻെറ പേരിൽ സീനിയേഴ്സുമായി ഏറ്റുമുട്ടിയത് അക്കാലത്താണ്. സി.എച്ചിൻെറ പ്രസംഗം കേട്ടതും വി.കെ എന്നിനെ കണ്ടതുമെല്ലാം നല്ല ഓർമ്മകളാണ്. ഒത്തിരി സ്നേഹനിധികളായ അധ്യാപകർ. പ്രിയങ്കരരായ സുഹൃത്തുക്കൾ. ഒപ്പം ഫാറൂഖിനോടുള്ള ആത്മബന്ധവും. വർഷങ്ങൾ കഴിഞ്ഞു. സർവ്വ പ്രതാപ ഐശ്വര്യങ്ങളോടെ തലയുയർത്തി പ്രൗഢിയോടെ നിൽക്കുന്ന ആ മഹത്തായ കലാലയത്തിനു മുന്നിൽ ഞാനെത്ര നിസ്സാരൻ! എന്നാൽ അതു നൽകിയ ചെറിയ അനുഭവങ്ങൾക്കെന്തു വലുപ്പം."

"ഓർമ്മയിലെ വസന്തമാണ് ഫാറൂഖ്". ഓർമ്മകളിലേക്ക് മനസ്സു പായിക്കവേ അബ്ദുൾ സമദ് സമദാനി എം.പി. പറയുന്നു. ഫാറൂഖ് കോളേജിലെ പഴയകാല യൂണിയൻ ചെയർമാൻ പിന്നീട് അവിടെ ചരിത്രാധ്യാപകൻ -അദ്ദേഹത്തിന് ഈ കലാലയത്തെ പറ്റി ഏറെ പറയാനുണ്ടാവുക സ്വാഭാവികം.

എന്നെ ഞാനാക്കി മാറ്റിയതിൽ ഫാറൂഖ് നൽകിയ സംഭാവനകൾ എണ്ണമറ്റതാണ്. വാശിയേറിയ പ്രസംഗ മത്സരങ്ങൾ, ചർച്ചകൾ....... 'ഇന്നും ആ പഴയ കാലം സജീവത നിലനിർത്തുന്നു. 1981-ൽ ഞാൻ ചെയർമാനായിരുന്നപ്പോൾ നടന്ന ഒരു സംഭവം ഇന്നും ഓർമ്മയിലുണ്ട്. യൂണിയൻ ഉദ്ഘാടനത്തിനെത്തിയ പ്രശസ്ത സാഹിത്യകാരൻ എൻ.പി. മുഹമ്മദും കോവിലനും സദസ്സിലെ ഏതാനും വിദ്യാർത്ഥി സുഹൃത്തുക്കൾ സൃഷ്ടിച്ച ശബ്ദകോലാഹലം കാരണം പ്രസംഗം മുഴുമിക്കാതെ പെട്ടെന്ന് നിർത്തി. ആശംസ പ്രസംഗകനായിരുന്ന ശ്രീ. എ.പി.പി. നമ്പൂതിരി പ്രസംഗിക്കാൻ വിസമ്മതിച്ചു. തുടർന്ന് അധ്യക്ഷ പ്രസംഗത്തിൽ വിദ്യാർത്ഥി സഹോദരങ്ങളോട് അവർ ചെയ്ത അപരാധത്തെ പറ്റി ഞാൻ വിശദീകരിച്ചു. അബദ്ധത്തെ പറ്റി ബോധം വന്ന വിദ്യാർത്ഥികൾ ബഹളം നിർത്തി. തുടർന്ന് അതിഥികൾ ദീർഘമായിതന്നെ വീണ്ടും പ്രസംഗിച്ചു. ഞാൻ മൂന്നാം വർഷ ബി.എയ്ക്കു പഠിക്കവേ മറ്റൊരു ദുഃഖസംഭവം നടന്നു . ഞങ്ങളുടെ പ്രിയങ്കരനായ യുവ അധ്യാപകൻ ജനാബ് എം.ആർ. കുഞ്ഞി മുഹമ്മദിൻെറ മരണമായിരുന്നു അത്. ആ കാലഘട്ടത്തിൽ ചാലിയം ജലവായു മലിനീകരണത്തിന്നെതിരായും, വിമാനത്താവളത്തിന് വേണ്ടിയും നടന്ന ബഹുജന സമരത്തിൽ വിദ്യാർത്ഥികളും പങ്കാളികളായിരുന്നു.''

ഇന്ന് കാമ്പസിൻെറ മുഖച്ഛായ പാടെ മാറിയിരിക്കുന്നു. ആ പഴയ കാലം സി.എച്ചിൻെറ ഭാഷയിൽ പറഞ്ഞാൽ "കശുമാവിൽ ചെടികളും ഓരിക്കുറുക്കന്മാരും മാത്രമുണ്ടായിരുന്ന'' കരിങ്കല്ലായ് കുന്നിൻപുറം ഇന്ന് പ്രഭാപൂരിതമാണ്.

പ്രീഡിഗ്രിക്കു പുറമെ 14 ഡിഗ്രി കോഴ്സുകൾ, ട്രെയിനിംഗ് കോളേജ്, അൽ ഫാറൂഖ് എജുക്കേഷനൽ സെൻറർ, ഫാറൂഖ് ഹൈസ്കൂൾ, പ്രൈമറി സ്കൂൾ തുടങ്ങിയവ ഫാറൂഖ് കുടുംബത്തിലെ അംഗങ്ങളാണ്. 'ദക്ഷിണേന്ത്യയുടെ അലിഗഢ്' എന്ന അപരനാമത്തിൽ അറിയപ്പെടുന്ന ഫാറൂഖ് കോളേജ് കേരളത്തിലെ മറ്റേത് മികച്ച കാമ്പസുകളോടും ഒപ്പം നിൽക്കുന്ന അവസ്ഥ ഇന്ന് കൈവന്നിരിക്കുന്നു.




*ജി. എസ്. പാഠക്*
*രജതജൂബിലി ആഘോഷം ഉദ്ഘാടനം*

ചരിത്രത്തിൻെറ നാൾ വഴികൾ തേടി ഓർമ്മകളിലൂടെയുള്ള യാത്ര ഇവിടെ ഒടുങ്ങുകയാണ്....

വിജയത്തിൻെറ കിരീടം ചൂടി പ്രശസ്തിയുടെ പടവുകൾ കയറി മുന്നോട്ട് ഒരു മഹാപ്രസ്ഥാനത്തിൻെറ യാത്ര....ആശീർവാദങ്ങളും അനുഗ്രഹങ്ങളും അംഗീകാരങ്ങളും നേടി... നേടാത്തതെല്ലാം നേടാനുള്ള യാത്ര. കവിയുടെ ഈരടികൾ മനസ്സിൽ മുഴങ്ങുന്നു.

പറന്നു പറന്നു നീ പോവുക
സ്വാതന്ത്ര്യത്തിൽ പറവേ
പാരം പവിത്രമാവട്ടെ,യപാരത ■




*സുഖ്ദേവ് സിങ്ങ് കാങ്*
*സുവർണ്ണ ജൂബിലി ആഘോഷം ഉദ്ഘാടനം*

# ഫാറൂഖ് ഇന്ന് ഇതിലെ

അമ്പതാം വർഷമാഘോഷിക്കുന്ന ഫാറൂഖ് കോളേജിനെ കുറിച്ച് അദ്ധ്യാപക-വിദ്യാർത്ഥികളുടെ പ്രതികരണങ്ങൾ.

ഫാറൂഖ് -
വർത്തമാനകാല സ്പന്ദനം

ഫിസിക്സ് വകുപ്പ് തലവനായ
പ്രൊഫ.ടി. മുഹമ്മദ്

ഇംഗ്ലീഷ് വകുപ്പിൽ
അദ്ധ്യാപകനായ
പ്രൊഫ. ജയപ്രകാശ്

പ്രിൻസിപ്പൽ
പി.എം. മുബാറക് പാഷ

രണ്ടാം വർഷ ബി. എ. ഡിഗ്രി
വിദ്യാർത്ഥിനിയായ
രമ്യാരോഷ്നി

ഫാറൂഖ് കോളേജിനടുത്ത്
താമസിക്കുന്ന
കുട്ടപ്പൻ

## പ്രൊഫ: ടി. മുഹമ്മദ്

1962ൽ പ്രീ യൂനിവേഴ്സിറ്റി കോഴ്സിനു പഠിക്കാൻ വന്നതോടെയാണ് ഫാറൂഖ് കോളേജുമായുള്ള എൻെറ ബന്ധം തുടങ്ങുന്നത്.

അദ്ധ്യാപക - വിദ്യാർത്ഥി ബന്ധം ഇന്നെത്രയോ ചെറുതാണ്. ശരിയായ ആശയവിനിമയം നിർബന്ധമാക്കണം. ഇന്നും വിദ്യാർത്ഥികളെ സ്നേഹിക്കുന്ന അധ്യാപകരെ അവർ തിരിച്ചും സ്നേഹിക്കുന്നുണ്ട്. പക്ഷേ, ചില പുതിയ വിദ്യാർത്ഥികൾക്ക് പഠനാനന്തരം കാണുമ്പോൾ അധ്യാപകരെ അവഗണിക്കാനുള്ള പ്രവണതയും കാണുന്നു. ഇത് ശരിയല്ല. അധ്യാപകരുടെ സമീപനത്തിലും പോരായ്മകളുണ്ട്. പണ്ട് ഇതൊരു തപസ്യയായിരുന്നു. ഇന്ന് ജീവിതോപാധി മാത്രമാണ്.

ഫാറൂഖ് കോളേജിൽ പഠനത്തിനു പുറത്തുള്ള സർഗ പരിപാടികൾ കൂടി വരുന്നുണ്ട്. വലിയ കാമ്പസുള്ളതുകൊണ്ടാവാം., ബഹളമില്ലാത്ത അന്തരീക്ഷം നമ്മുടെ കാമ്പസിൻെറ മാത്രം പ്രത്യേകതയാണ്. അധ്യാപകരെക്കുറിച്ചുള്ള വിദ്യാർത്ഥികളുടെ അഭിപ്രായം രേഖപ്പെടുത്താൻ ഡിപ്പാർട്ടുമെൻറു തോറും സംവിധാനമേർപ്പെടുത്തുന്നത് നന്ന്.

ഫാറൂഖ് കോളേജിന് പുറംദേശങ്ങളിലുള്ള കീർത്തി യഥാർത്ഥമാണോ എന്നു പരിശോധിക്കേണ്ടതുണ്ട്. ഈ കാമ്പസിൻെറ സുവർണകാലമായി എടുത്തു പറയേണ്ടത് ജലീൽ സാർ പ്രിൻസിപ്പാളായിരുന്ന സമയം തന്നെയാണ്. ഇപ്പോൾ വീണ്ടും നടത്തിപ്പ് സജീവമാകുന്നതിൻെറ ലക്ഷണങ്ങളുണ്ട്

ഞാൻ എട്ടാം ക്ലാസിൽ പഠിക്കുമ്പോഴാണ് ഇവിടെ കോളേജ് തുടങ്ങിയത്. അന്ന് പറങ്കിമാവിൻ തണലിൽ വിദ്യാർത്ഥികളെ ഇരുത്തി ഒരധ്യാപകൻ ക്ലാസെടുക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്. ഇൻറർമീഡിയറ്റാണ് (ഇന്നത്തെ പ്രീഡിഗ്രി) ആദ്യം തുടങ്ങിയത്.

സെയ്ദ് മുഹിയുദ്ദീൻ ഷാ ആയിരുന്നു ആദ്യത്തെ പ്രിൻസിപ്പാൾ. വളരെ നല്ല മനുഷ്യനായിരുന്നു. മാനേജുമെൻറുമായുള്ള എന്തോ പ്രശ്നത്തിൻെറ പേരിൽ ഷാസാഹിബിനെ സസ്പെൻറ് ചെയ്യാൻ തീരുമാനിച്ചപ്പോൾ സസ്പെൻഷൻ പിൻവലിക്കണമെന്നാവശ്യപ്പെട്ട് വിദ്യാർത്ഥികൾ സമരം ചെയ്തു. പക്ഷേ അദ്ദേഹം കാലാവധി പൂർത്തിയാക്കിയില്ല.

വേണ്ടത്ര വെള്ളമില്ലാത്തതിൻെറ ബുദ്ധിമുട്ട് ഹോസ്റ്റൽ വിദ്യാർത്ഥികൾ പലപ്പോഴും അനുഭവിക്കുന്നു. ''അരബക്കറ്റിലെ വെള്ളം കൊണ്ടൊരു പകുതിക്കുളിയാണധികം പേർക്കും'' എന്ന് ഓട്ടം തുള്ളലിൻെറ ഈണത്തിൽ പാടിനടന്നിരുന്ന രസികൻ വിദ്യാർത്ഥികളെ ഓർക്കുന്നു.

ഫാറൂഖ് കോളേജുള്ളതുകൊണ്ട് നാട്ടുകാർക്ക് എന്തെങ്കിലും വലിയ നേട്ടമുണ്ടായതായി തോന്നുന്നില്ല. കൺസ്ട്രക്ഷൻ നടക്കുമ്പോഴും മറ്റവസരങ്ങളിലും പലർക്കും തൊഴിലവസരം കിട്ടാറുണ്ടെന്നതു ശരിയാണ്. അതിന് ഒരു ഫാക്ടറിയാണല്ലോ കൂടുതൽ നല്ലത്.

**പ്രൊഫ. ജയപ്രകാശ്**

സമൂഹത്തിൻെറ ഓരോ മാറ്റവും കാമ്പസിലും പ്രതിഫലിക്കുക സ്വാഭാവികമാണ്. മുമ്പ് ഇവിടെ പഠിച്ചിരുന്ന വിദ്യാർത്ഥികൾ ഇന്നത്തേക്കാൾ കലാപരമായ കഴിവുകൾ പ്രകടിപ്പിച്ചിരുന്നു. അധ്യാപക വിദ്യാർത്ഥി ബന്ധത്തോളം ഹൃദ്യമായി അന്ന് ഒരനുഭവവും ഉണ്ടായിരുന്നില്ല. എൺപതുകൾക്കുശേഷം ഇത് നഷ്ടപ്പെട്ടിരിക്കുന്നു. ഗൗരവമുള്ള ഈ നഷ്ടത്തിന് 80% ഉത്തരവാദിത്തം അധ്യാപകനുതന്നെയാണ്.

ഇപ്പോൾ ഫാറൂഖ് കോളേജിലെ വിദ്യാർത്ഥികൾ മിക്കവാറും പഠിക്കാൻ മിടുക്കരാണ്. മൊത്തത്തിൽ ബുദ്ധിപരമായ ഒരു വളർച്ച കാണാം. അച്ചടക്കപൂർണ്ണമായ അന്തരീക്ഷം നമ്മുടെ കോളേജിൻെറ മാത്രം പ്രത്യേകതയാണെന്നു തോന്നുന്നു. ●



**രമ്യാരോഷ്നി**

നമ്മുടെ കാമ്പസിൽ കഴിവും പ്രാപ്തിയുമുള്ള വിദ്യാർത്ഥികളുണ്ടെങ്കിലും മത്സരബുദ്ധിയുള്ളവർ ഇല്ല. ആരോഗ്യകരമായ മത്സരം ആവശ്യമാണ്. സൗഹൃദത്തിന് ഇവിടെ ക്ഷാമമേയില്ല. ഡിഗ്രി തലത്തിൽ കുഴപ്പമില്ലാത്ത രീതിയിൽ അധ്യാപക- വിദ്യാർത്ഥി ബന്ധം നിലനിൽക്കുന്നുണ്ടെന്ന് തോന്നുന്നു.

കാമ്പസിൽ പെൺകുട്ടികൾക്ക് സ്വതന്ത്രമായി കൂടിയിരിക്കാൻ പറ്റിയ സൗകര്യം അധികമൊന്നും ഉപയോഗപ്പെടുത്തുന്നില്ല. ഈ സൗകര്യം ഉണ്ടാവേണ്ടതാണ്. സാമൂഹ്യ പ്രതിബദ്ധതയെന്നത് പലപ്പോഴും വ്യക്തിപരമാണ്. പാഠ്യപദ്ധതിയുടെ ഭാഗമാക്കിയതുകൊണ്ട് അത് നേടാൻ കഴിയണമെന്നില്ല. ●

**പി.എം. മുബാറക് പാഷ**


ഫാറൂഖ് കോളേജിനെക്കുറിച്ച് ധാരാളം കേട്ടിട്ടുണ്ടായിരുന്നുവെങ്കിലും ഇൻറർവ്യൂവിനാണ് ആദ്യമായി ഇവിടെയെത്തുന്നത്. ഇവിടത്തെ അന്തരീക്ഷം മനോഹരമായി തോന്നി. വളരെ നന്നായി പെരുമാറുന്ന വിദ്യാർത്ഥികൾ. എൻെറ ആദ്യത്തെ ക്ലാസ് നടന്നത് എൻെറ മിടുക്ക് കൊണ്ടായിരുന്നില്ല. മറിച്ച് വിദ്യാർത്ഥികളുടെ സഹകരണം കൊണ്ടായിരുന്നു.

ഫാറൂഖ് കോളേജിനെ മറ്റു കാമ്പസുകളിൽ നിന്ന് വേറിട്ടു നിർത്തുന്നതും ഈ സാമൂഹ്യജീവിതം തന്നെ. പ്രവൃത്തി സമയത്തിനപ്പുറത്തേക്കു കൂടി നീളുന്നുണ്ട് ഇത്. പക്ഷേ, വിദ്യാർത്ഥി ബന്ധങ്ങളിലും, അധ്യാപക- വിദ്യാർത്ഥി ബന്ധത്തിൽ പ്രത്യേകിച്ചും അപചയം സംഭവിക്കുന്നുണ്ടോ എന്നു തോന്നുന്നു.

മറ്റേതു കാമ്പസിനോടും കിടപിടിക്കുന്ന രീതിയിൽ കഴിവും പ്രതിഭയുമുള്ള ധാരാളം വിദ്യാർത്ഥികൾ നമുക്കുണ്ട്. പക്ഷേ, 'മോട്ടിവേറ്റഡ്' ആയിട്ടുള്ളവർ വളരെ കുറവാണ്. കുടുംബവും ക്ലാസും സൗഹൃദവുമാണ് അവരെ പ്രചോദിപ്പിച്ച് ഉയർത്തിയെടുക്കേണ്ടത്. ചിന്തിപ്പിക്കാൻ കഴിയണം. സിവിൽ സർവീസ് പോലുള്ള ഉന്നത കോഴ്സുകളിലേക്ക് അവരെ പാകപ്പെടുത്തുന്ന പ്രക്രിയ നാം തുടങ്ങിക്കഴിഞ്ഞു.

ഫാറൂഖ് കോളേജിൻെറ ഭാവി ശോഭനമാകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. ■

# ഫാറൂഖ് സാന്നിദ്ധ്യം സ്വാധീനം



കേരളത്തിൽ പലപ്പോഴായി വിദ്യാഭ്യാസ കേന്ദ്രങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. ഫാറൂഖ് കോളേജ് വ്യത്യസ്തമായിത്തീർന്നത്, ഈ വിദ്യാഭ്യാസ സ്ഥാപനം മലബാറിൻെറ സാമൂഹിക-സാംസ്കാരിക രംഗത്ത് പരത്തിയ നവീനമായ പ്രകാശം കൊണ്ടാണ്. അഭ്യസ്ത വിദ്യരെ പടച്ച് വിടുന്നതിനപ്പുറം ആധുനിക വിദ്യാഭ്യാസത്തോടും നവോത്ഥാന മുന്നേറ്റങ്ങളോടും പുതിയൊരു കാഴ്ചപ്പാട് രൂപപ്പെടുത്തിയെടുക്കുകയായിരുന്നു ഫാറൂഖ് കോളേജ്. അധഃസ്ഥിതിയിൽ കിടന്നവർക്ക് വിജ്ഞാനദാനം നൽകിയത് മാത്രമല്ല ഈ കലാലയത്തിൻെറ നേട്ടമായി മാറിയത്. രാഷ്ട്രീയ-സാമൂഹിക രംഗത്തുള്ള വികസന-ക്ഷേമ പരിപാടികളുടെ നിദാനംകൂടിയായിരുന്നു ഫാറൂഖ് കോളേജ്. തെക്കെ ഇന്ത്യയിലെ അലിഗഡായിത്തീർന്ന ഈ വിദ്യാഭ്യാസ സ്ഥാപനം പിന്നീട് മലബാറിലുയർന്ന ഏതൊരു കലാലയത്തിനും മാതൃകയായിരുന്നു. കേരളത്തിൻെറ വിവിധ ഭാഗങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും സംഗമകേന്ദ്രമായി മാറി അമ്പത്‌വർഷം പിന്നിടുന്നു ഈ കലാലയം.

ഈജിപ്തിലെ അൽ-അസ്ഹർ യൂണിവേഴ്സിറ്റിയിൽ നിന്ന് ബിരുദാനന്തര ബിരുദം കഴിഞ്ഞെത്തിയ അബുസബ്ബാഹ് മൗലവിയുടെ സ്വപ്നവും, മലബാറിലെ ഉദാര മനസ്കരുടെ നിഷ്കളങ്ക വികാരവും 1942-ൽ ഒരു സംഘടനയ്ക്ക് രൂപം കൊടുത്തു. കുറച്ച് വിദ്യാർത്ഥികൾക്ക് അറബിക് വിദ്യാഭ്യാസം നൽകിക്കൊണ്ടായിരുന്നു തുടക്കം. 1948-ലാണ് ഫാറൂഖ് കോളേജിൻെറ ആരംഭം. മദ്രാസ് യൂണിവേഴ്സിറ്റിയുടെ അംഗീകാരത്തോടെ ആധുനിക വിദ്യാഭ്യാസത്തിനുള്ള ഒരു കേന്ദ്രം. ഖലീഫ ഉമർ ഫാറൂഖിൻെറയും കോഴിക്കോട് ഫറോക്കിൽ ടിപ്പു സുൽത്താൻ രൂപം കൊടുത്ത ഫാറൂഖാബാദിൻെറയും ഓർമ്മകളോടെ കോഴിക്കോട് നഗരത്തിൽ നിന്ന് പന്ത്രണ്ടോളം കിലോമീറ്ററകലെ ഒരു കുന്നുമ്പുറത്ത് ഇൻറർമീഡിയേറ്റ്, ബി.എ. കോഴ്സുകൾ ആരംഭിച്ചു.

ഇന്ന് പ്രിഡിഗ്രിക്ക് പുറമെ 14 വിഷയങ്ങളിൽ ബിരുദപഠനത്തിനും 10 വിഷയങ്ങളിൽ ബിരുദാനന്തര ബിരുദ പഠനത്തിനും ഉള്ള സൗകര്യത്തോടെ കാലിക്കറ്റ് യൂണിവേഴ്സിറ്റിക്ക് കീഴിലെ ഏറ്റവും വലിയ റസിഡൻഷ്യൽ വിദ്യാഭ്യാസകേന്ദ്രമായി തീർന്നിരിക്കു

ന്നു. എൽ.കെ.ജി. പഠനം തൊട്ട് അധ്യാപക പരിശീലന-ഗവേഷണ കേന്ദ്രങ്ങൾ വരെയുള്ള തെക്കെ ഇന്ത്യയിലെ പ്രഗത്ഭ വിദ്യാഭ്യാസ സമുച്ചയമാണിന്ന് ഫാറൂഖ് കോളേജ്. ഈ അത്ഭുതകരമായ വളർച്ചയ്ക്കുള്ള അന്തർദേശീയാംഗീകാരമായിരുന്നു, ഇക്കഴിഞ്ഞ വർഷം ഫോർഡ് ഫൌണ്ടേഷൻ നൽകിയ ക്യാംപസ് ഡൈവേഴ്സിറ്റി ഇനീഷ്യേറ്റീവ് ഗ്രാൻറ്.

സയ്യിദ് മുഹ്യുദ്ദീൻ ഷാ, കെ.എ. ജലീൽ സാഹിബ്, വി. മുഹമ്മദ്, യു. മുഹമ്മദ്, വി.വി. കുഞ്ഞബ്ദുള്ള തുടങ്ങിയവർ പ്രിൻസിപ്പൽമാരായി പ്രവർത്തിച്ചിരുന്ന ഫാറൂഖ് കോളേജിന് ഇന്ന് കേരളത്തിൽ മറ്റാർക്കുമവകാശപ്പെടാനാവാത്ത ഒരു മേന്മ കൂടി -ഇന്ന് കോളേജിന് യുവത്വത്തിൻെറ സാരഥ്യം, പ്രിൻസിപ്പൽ ഡോ. പി.എം. മുബാറക് പാഷ. എ.പി. ഇബ്രാഹിം കുഞ്ഞ്, വി.കെ. അച്യുതമേനോൻ, എച്ച്.എം. ഷുക്കൂർ, ഡോ. ശ്രീകണ്ഠൻ നായർ, കെ.വി. അബ്ദുറഹ്മാൻ, എ.പി.പി. നമ്പൂതിരി, ടി. അബ്ദുല്ല, ബാബുപോൾ തുടങ്ങിയ പ്രഗല്ഭരായ അധ്യാപകരും ലോകത്തിൻെറ വിവിധ ഭാഗങ്ങളിൽ പടർന്നു പന്തലിച്ച ശിഷ്യഗണങ്ങളും ഫാറൂഖ് കോളേജിൻെറ തിളക്കമുറ്റ സമ്പാദ്യമായി നിൽക്കുന്നു.

ഫാറൂഖ് കോളേജ് ഈ അധ്യയന വർഷം സുവർണ ജൂബിലി ആഘോഷിക്കുന്നു. അടുത്ത നൂറ്റാണ്ടിലേക്കുള്ള പഠന-പരിശീലന പദ്ധതികൾക്കു കൂടി രൂപം കൊടുത്ത് മുന്നോട്ടു നീങ്ങാൻ തുനിയുന്നു. ഒരു വർഷം നീണ്ടു നിൽക്കുന്ന ആഘോഷത്തിൻെറ ഭാഗമായി, നവീന സാങ്കേതിക സൗകര്യങ്ങളോടു കൂടിയ ഒരു ലൈബ്രറി സ്ഥാപിക്കുവാനും വിവിധ വകുപ്പുകളുടെ കീഴിൽ ശ്രദ്ധേയങ്ങളായ പ്രോജക്ടുകൾ പ്രാവർത്തികമാക്കാനുമുള്ള നിർമാണ-സർഗാത്മക പരിപാടികൾക്ക് രൂപംകൊടുത്തിരിക്കുന്നു. ഫാറൂഖ് കോളേജ് വരും നൂറ്റാണ്ടിന് ചേർന്ന വിജ്ഞാനത്തിൻെറ പൂന്തോട്ടമായി തീരുവാൻ ദീർഘവീക്ഷണവും ഉദാരമനസ്കതയും കഠിനപരിശ്രമവും മുതലിറക്കി മുന്നോട്ട് നീങ്ങുന്നു. ■